DESPATCHED 26/05/2020

13.2.20.

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം–695 001

**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic.ker@nic.in

ഹർജി നമ്പർ **AP 1585(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.10206/SIC-Gen5/2015**

സന്നിഹിതൻ
ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീ. കബീർ അലി,<br>അമ്പാട്ട് വീട്,<br>എടയാറ്റൂർ പി.ഒ., മേലാറ്റൂർ വഴി,<br>മലപ്പുറം. | അപ്പീൽ ഹർജിക്കാരൻ |

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>അസിസ്റ്റന്റ് എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി സെക്ഷൻ ഓഫീസ്,<br>മേലാറ്റൂർ ഗ്രാമ പഞ്ചായത്ത്,<br>മലപ്പുറം – 679 326.<br><br>2. അപ്പീൽ അധികാരി &<br>പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,<br>പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ<br>കാര്യാലയം, മലപ്പുറം. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 6.1.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 31.1.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 5.2.2015 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 30.3.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 16.6.2015 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 16.6.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 8.7.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 24.7.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 13.2.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, മലപ്പുറം |
| ഹിയറിംഗ് സാന്നിദ്ധ്യം | ഒന്നാം എതിർകക്ഷി ഹാജരായി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കബീർ അലി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും എന്നാൽ ആയതു പ്രകാരവും നാളിതുവരെ തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ് :

i. മേലാറ്റൂർ ഗ്രാമ പഞ്ചായത്തിൽപ്പെട്ടതായ എടയാറ്റൂരിലെ പള്ളിപ്പടി മുതൽ ലക്ഷം വീട് കോളനിവരെ 2014- ൽ നടത്തപ്പെട്ടിട്ടുള്ളതായ റോഡിന്റെ നവീകരണ പ്രവർത്തങ്ങൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ പകർപ്പും, കോൺട്രാക്ടറോ ജനകീയ കമ്മിറ്റിയോ ഉണ്ടാക്കിയിട്ടുള്ള എഗ്രിമെന്റിന്റെ പകർപ്പും നൽകണമെന്നും

ii. മേൽപ്പടി റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ 2014 ൽ നടത്തിയത് പൂർത്തികരിച്ചോ എന്നും പൂർത്തികരിച്ചിട്ടുണ്ടെങ്കിൽ നിർവ്വഹണ ഉദ്യോഗസ്ഥർ നൽകിയിട്ടുള്ളതായ സർട്ടിഫിക്കറ്റിന്റെ പകർപ്പും മേൽ പ്രവൃത്തികൾക്കായുള്ള എസ്റ്റിമേറ്റ് തുകകൾ പാസ്സാക്കുന്നതിനായി സമർപ്പിച്ച അളവ് പുസ്തകത്തിന്റെ പകർപ്പുകളും നൽകണമെന്നും മറ്റുമായി 5 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷി നൽകിയ മറുപടി പൂർണ്ണയും തൃപ്തികരവുമല്ലെന്നും ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട സർട്ടിഫിക്കറ്റ് സംബന്ധിച്ച് യാതൊന്നും സൂചിപ്പിച്ചിട്ടില്ലെന്നും ടിയാനോട് നിർദ്ദേശിച്ച പ്രകാരം എത്ര തുകയാണ് അടയ്ക്കേണ്ടത് എന്നോ ട്രഷറിയിൽ ആണെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങളോ നൽകിയിട്ടില്ലെന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചത്, അപ്പീൽ അപേക്ഷ സമർപ്പിക്കേണ്ടിയിരുന്നത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുമ്പാകെ ആയിരുന്നു എന്നും ആയതിനാൽ ഹർജിക്കാരന്റെ അപ്പീൽ അപേക്ഷ മേൽപ്പടി ഓഫീസിലേയ്ക്ക് കൈമാറിയിട്ടുണ്ട് എന്നും അവിടെ നിന്നും ലഭിച്ച മറുപടി കൈമാറുന്നു എന്നുമാണ്.

3. പെരിന്തൽമണ്ണ എൽ.എസ്.ജി.ഡി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 66/- രൂപ ഫീസ് ഒടുക്കി ബന്ധപ്പെട്ട രേഖകൾ 6.2.2015 തീയതി ഹർജിക്കാരൻ കൈപ്പറ്റിയിട്ടുള്ളതാണെന്നും മറ്റുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ബന്ധപ്പെട്ട രേഖകൾക്കായി ഫീസ് ഒടുക്കേണ്ടത് സംബന്ധിച്ച് വിവരാവകാശ നിയമം 7(3) (എ) വകുപ്പിൽ നിർദ്ദേശിച്ച പ്രകാരമുള്ള വിവരങ്ങൾ നൽകിയിരുന്നില്ലെന്നു കാണുന്നു. ആയത് നിർബന്ധമായും നൽകേണ്ടതാണ്. ഇക്കാര്യത്തിൽ ഒന്നാം എതിർകക്ഷി വേണ്ടത്ര ശ്രദ്ധ പതിപ്പിക്കേണ്ടതാണെന്നു ടിയാനെ ഓർമ്മപ്പെടുത്തുന്നു.

5. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ഈ അവസരത്തിൽ ഫീസ് ഒടുക്കി കൈപ്പറ്റിയിട്ടുള്ളതായി കാണുന്നതിനാൽ, ഈ അപ്പീൽ ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 13-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk